## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.238 | 28.11.2018 ൽ മറുപടിക്ക്

## കേരളത്തിന് ആരോഗ്യമേഖലയിൽ ലഭിച്ച പുരസ്കാരങ്ങൾ

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | 2018-ൽ അസമിൽ നടന്ന അഞ്ചാമത് നാഷണൽ സമ്മിറ്റിൽ കേരളത്തിന് ആരോഗ്യമേഖലയിൽ ലഭിച്ച പുരസ്കാരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | 2018-ൽ അസമിലെ കാസിരംഗയിൽ നടന്ന 5-ാമത് ദേശീയ അവലോകന ഉച്ചകോടിയിൽ കേരളത്തിന് 2018-ലെ നിപ പ്രതിരോധ പ്രവർത്തനത്തിന് കേന്ദ്രമന്ത്രാലയത്തിന്റെ പ്രത്യേക അഭിനന്ദനം ലഭിക്കുകയുണ്ടായി. സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ഹൃദ്യം, ശലഭം, ഇന്ത്യ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ് (IHMI) എന്നീ പദ്ധതികളെ മികച്ച പദ്ധതികളായി തെരഞ്ഞെടുക്കുകയുണ്ടായി. ഇതു കൂടാതെ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്ക് കൈവരിച്ചതിനും , അഞ്ചു വയസിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് ഏറ്റവും കൂടുതൽ കുറയ്ക്കുവാൻ കഴിഞ്ഞതിനും, ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്ക് കൈവരിച്ചതിനും പുരസ്കാരങ്ങൾ ലഭിച്ചു. |
| (ബി) | ഈ പുരസ്കാരങ്ങൾ ഏത് വർഷം/വർഷങ്ങൾക്കുള്ള പ്രവർത്തന മികവിനെ ആസ്പദമാക്കിയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ഏറ്റവും കുറഞ്ഞ മാതൃ ശിശുമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള പുരസ്കാരം 2015 മുതലുള്ള വർഷങ്ങളിലെ പ്രവർത്തനമികവ് അടിസ്ഥാനമാക്കിയാണ് ലഭിച്ചിട്ടുള്ളത്. ഹൃദ്യം, ശലഭം എന്നീ ജന്മവൈകല്യ സൗജന്യ ചികിത്സാ പദ്ധതിയും ജീവിതശൈലീ രോഗനിർണ്ണയ പദ്ധതിയുടെ ഭാഗമായിട്ടുള്ള IHMI-യും 2017-18 വർഷത്തിൽ നടപ്പിലാക്കിയതിന്റെ മികവിലാണ് അംഗീകാരത്തിന് അർഹമായത്. |
| (സി) | 2016 ജൂൺ മാസത്തിനുശേഷം ആരോഗ്യമേഖലയിലെ പ്രവർത്തന മികവുകളെ അടിസ്ഥാനപ്പെടുത്തി ഏതെല്ലാം പുരസ്കാരങ്ങൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) | 2018 ഒക്ടോബർ 23-ന് ചെന്നൈയിൽ വച്ച് ആദ്യമായി സംഘടിപ്പിച്ച ദക്ഷിണമേഖല നാഷണൽ ഓറൽ ഹെൽത്ത് പ്രോഗ്രാമിന്റെ വർക്ക്ഷോപ്പിൽ കേരളത്തിന് പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഡൽഹിയിൽ വച്ച് 29.06.2018-ൽ |

| | | | |
|---|---|---|---|
| | | | നടന്ന പ്രധാനമന്ത്രി സുരക്ഷാ അഭിയാൻ അവാർഡ് ദാന ചടങ്ങിൽ മാതൃമരണനിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള അവാർഡ് ലഭിച്ചു. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗത്തിൽ സംസ്ഥാനത്ത് ഏറ്റവും നല്ല സേവനം രോഗികൾക്ക് നൽകിയതിനാൽ സ്കോച്ച് അവാർഡ് ഓഫ് മെറിറ്റിന് അർബൻ പ്രൈമറി ഹെൽത്ത് സെന്റർ മൈതാനപ്പള്ളി അർഹയായി. കൂടാതെ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്കും ഏറ്റവും മികച്ച സേവനത്തിനുള്ള സ്കോച്ച് അവാർഡ് ലഭിക്കുകയുണ്ടായി. ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തു നടപ്പിലാക്കി വരുന്ന ഹൃദ്യം പദ്ധതിക്ക് രണ്ടു പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇത് 2018 മാർച്ച് മാസത്തിൽ സ്കോച്ച് ഭാരത് ഗോൾഡ് അവാർഡ്, എക്സ്പ്രസ്സ് ഹെൽത്ത് കെയർ അവാർഡ് എന്നിവയാണ്. |

സെക്ഷൻ ഓഫീസർ